(36) കരിമ്പുകൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. മാമ്മൻ മത്തായി: സർ, മദ്ധ്യതിരുവിതാംകൂറിലെ കരിമ്പു കൃഷിക്കാർ ഇന്നു വലിയ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ കൃഷിക്കാർ ഉൽപ്പാദിപ്പിച്ചിരുന്ന കരിമ്പ് പഞ്ചസാര ഉൽപ്പാദനത്തിനുവേണ്ടി ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ് എന്ന സ്ഥാപനമാണ് എടുത്തുകൊണ്ടിരുന്നത്. എന്നാൽ ഈ വർഷം ഈ പൊതുമേഖലാസ്ഥാപനം പഞ്ചസാര ഉൽപ്പാദനം നിർത്തലാക്കുകയും കരിമ്പ് വാങ്ങൽ പൂർണ്ണമായും നിർത്തലാക്കുകയും ചെയ്തതിനെത്തുടർന്ന് ഇന്ന് കരിമ്പുകൃഷിക്കാർ കരിമ്പ് വിൽക്കാൻ നിർവ്വാഹമില്ലാതായിരിക്കുകയാണ്. ബഹുമാന്യനായ കൃഷിവകുപ്പു മന്ത്രി കരിമ്പുകൃഷിക്കാർക്ക് ഇന്നുണ്ടായിരിക്കുന്ന നഷ്ടം അടിയന്തിരമായി തിട്ടപ്പെടുത്തി ആ നഷ്ടം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. കരിമ്പ് ഒന്നുപോലും വെട്ടാതെ, പൂത്ത്, നശിച്ച് ഉണങ്ങി കിടക്കുന്ന കാഴ്ചയാണ് കാണുന്നത്. വരുംകൊല്ലങ്ങളിൽ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കരിമ്പ് എടുക്കുന്നതിനുവേണ്ടി ഒരു സംവിധാനമുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഒരു ഇൻഫർമേഷൻ പറയാൻ വിട്ടുപോയി. ശാസ്താംകോട്ടയിൽ എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്കുവേണ്ടി ഒരു നഴ്സിംഗ് സ്കൂൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ സ്റ്റാഫ് എല്ലാം ശരിയായിട്ടുണ്ട്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): സർ, തിരുവല്ല പ്രദേശത്ത് കരിമ്പു കൃഷിക്കാർക്കുണ്ടായിട്ടുള്ള പ്രത്യേകമായ ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ച് അനുഭാവപൂർവ്വം ഗവൺമെൻറ് അത് പരിഗണിക്കുന്നതാണ്. ഇന്നലെ ഈ സബ്മിഷൻ കിട്ടിയതിനെത്തുടർന്ന് ഞാൻ ചിറ്റൂർ ഷുഗർമിൽ ചെയർമാനുമായി ബന്ധപ്പെട്ടു. ഇവിടെ ഷുഗർമിൽ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഇവിടെയുള്ള കരിമ്പ് ചിറ്റൂർ ഷുഗർമില്ലിലേക്ക് അവരെക്കൊണ്ട് എടുപ്പിക്കാൻ വേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്നലെ അതിനെക്കുറിച്ച് ഒരു ചർച്ച നടന്നുകഴിഞ്ഞിരിക്കുകയാണ്.

(37) വാണിയംകുളത്ത് ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. വി. സി. കബീർ: സർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വാണിയംകുളത്ത് കുടിനീർക്ഷാമം വളരെ രൂക്ഷമാണ്. അവിടെ ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി പാലക്കാട് ഐ. പി. ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി വിശദമായ പരിപാടികൾ ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. എം. എൽ. എ. പദ്ധതിയിൽ അത് ഉൾപ്പെടുത്തുമെന്ന് പറഞ്ഞിരുന്നു. അതുകൊണ്ട് വാണിയംകുളം ശുദ്ധജല വിതരണപദ്ധതി അടിയന്തിരമായി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly